മാതൃഭൂമി

Seed

FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



ഓണാശംസകൾ

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 12 SEPTEMBER 2022

# ആകാശപ്പച്ച

CONTENTS

എഡിറ്റോറിയൽ
കാട്ടിലെക്കാര്യം
കേരളം അറിയാൻ
ചിറകുള്ള ചങ്ങാതിമാർ
ഈ ഫോട്ടോ കാണാം
കൃഷിക്കാര്യം
സിനിമാപാട്ടിലെ പ്രകൃതി
ഇത് അതിശയം തന്നെ
തെറ്റ് ശരി
ലോകം എങ്ങനെ
പൂവറിവ്
വർണച്ചിറക്

Cover photo: Mathrubhumi archives

# ഓണമെത്തും മുൻപേ...

2021 നവംബർ 14 ശിശുദിനത്തിലാണ് ആകാശപ്പച്ചയുടെ ആദ്യലക്കം വായനക്കാരിലേക്കെത്തിയത്. തുടർന്ന് എല്ലാ മാസവും 14-ാംതീയതികളിൽ ആകാശപ്പച്ചയ്ക്ക് ഇലകൾ മുളച്ചു. ജലദിനവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പതിപ്പും നമ്മൾ യാഥാർഥ്യമാക്കി.ഓണക്കാലം പ്രമാണിച്ച് ഈ ലക്കം അല്പം മുൻപേ തന്നെ വായനക്കാരുടെ അടുത്തേക്ക് എത്തുകയാണ്. ഓണത്തിന്റെ വലിയ തിരക്കുകൾക്കും ബഹളങ്ങൾക്കും മുൻപേ നമ്മുടെ കൊച്ചുചിന്തകൾ തളിരിടട്ടെ... എല്ലാ വായനക്കാർക്കും നല്ലൊരു അവധിക്കാലവും ഓണക്കാലവും ആശംസിക്കുന്നു.

എഡിറ്റോറിയൽ

# സമൃദ്ധിയുടെ ഉത്സവം



ഉത്സവങ്ങളുണ്ടായതിനെക്കുറിച്ച് വളരെ ആഴത്തിലുള്ള പഠനങ്ങൾക്ക് സാധ്യതകളുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം പഠനങ്ങൾ നടക്കുന്നുമുണ്ട്. കേരളീയരുടെ വലിയ ആഘോഷമായ ഓണം കാർഷികോത്സവമായിട്ടാണ് വിലയിരുത്തപ്പെടുന്നത്. വിളവെടുപ്പുകാലത്തിനുശേഷം വരുന്ന വിശ്രമത്തിന്റെയും സമൃദ്ധിയുടെയും ആഘോഷമാണത്. ഒരുവർഷക്കാലത്തേക്കുള്ള സന്തോഷങ്ങൾ സമാഹരിച്ചുവയ്ക്കാനുള്ള അവസരമായിരുന്നു പണ്ട് ഓണക്കാലം. സമൃദ്ധമായ ഭക്ഷണവും പുതുവസ്ത്രങ്ങളും കായികവിനോദങ്ങളുമൊക്കെ അതിൽ ഇടംപിടിച്ചു. നഷ്ടപ്പെട്ടുപോയ നല്ലകാലത്തെക്കുറിച്ചുള്ള ഓർമകളുമായി മാവേലിക്കഥയും ഓണത്തിന്റെ ചാരുത വർധിപ്പിച്ചു. പൂക്കളുടെ ഉത്സവംകൂടിയാണ് ഓണക്കാലം.

കാട്ടിലെക്കാര്യം

# ഓണംകേറാ മൂല!

ഓണംകേറാ മൂല എന്നൊരു ചൊല്ല് മലയാളത്തിലുണ്ട്. ഒരു വികസനവും എത്താത്തസ്ഥലം എന്നാണ് അതിനർഥം. എന്നാൽ അതിനെ അത്രയ്ക്കൊരു കുറവായി കാണേണ്ടതില്ല. പ്രകൃതി തനത് രൂപത്തിൽ നിലനിൽക്കുന്ന സ്ഥലം എന്ന അർഥംകൂടി അതിനുണ്ട്. നമ്മുടെ കാടുകളെല്ലാം ഓണംകേറാമൂലകളായി തുടരുകതന്നെവേണം.

ഓണവും ആഘോഷവും എല്ലാം, പ്രകൃതിയോടിണങ്ങി ജീവിക്കുന്ന തനതായ സംസ്കാരം നിലനിർത്തിക്കൊണ്ട് മാത്രമേ നടത്താവൂ. എന്നാൽ ഇപ്പോൾ ഓണത്തിന് വളരെ വലിയ മാറ്റങ്ങൾ വന്നിരിക്കുന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ച് നടത്തിയിരുന്ന ഓണാഘോഷങ്ങൾ പ്രകൃതിക്ക് ദോഷകരമായ പല വസ്തുക്കളിലേക്കും മാറിയിരിക്കുന്നു.

മാറുന്ന കാലത്തിനനുസരിച്ച് ഓണവും മാറണം. പക്ഷേ, അത് പരമാവധി പ്രകൃതിസൗഹൃദമാവുകയും വേണം. പ്രകൃതിക്ഷോഭങ്ങൾ, പ്രളയങ്ങൾ, മണ്ണിടിച്ചിലുകൾ ഇവയെല്ലാം മനുഷ്യന്റെ കടന്നുകയറ്റമുണ്ടാക്കുന്ന ദുരിതങ്ങളാണ്. ഓണംകേറാമൂലകൾ കാത്തുരക്ഷിക്കുകയാണ് ഇതിന് പരിഹാരം. കാടില്ലെങ്കിൽ നമുക്ക് ഓണവുമില്ല എന്ന് മറക്കരുത്.

നിരഞ്ജന വിലാസ്, ക്ലാസ് - 10
ഗുരുകുലം പബ്ലിക് സ്കൂൾ
വെങ്ങിണിശ്ശേരി, തൃശ്ശൂർ

# ഓണവും കേരളവും

**പു**രാണകാലത്ത് കേരളം ഭരിച്ചിരുന്ന രാജാവായിരുന്നു മഹാബലി. സത്യസന്ധനും രാജ്യസ്നേഹിയുമായിരുന്നു അദ്ദേഹം. അക്കാലത്ത് കേരളം സ്വർഗതുല്യമായിരുന്നു. ഇതിൽ അസൂയ തോന്നിയ ദേവന്മാർ മഹാവിഷ്ണുവിനോട് കാര്യം പറഞ്ഞു. മഹാബലി ആ സമയം ഒരു യാഗം ചെയ്യുകയായിരുന്നു. വാമനനായി എത്തിയ മഹാവിഷ്ണു തനിക്ക് തപസ്സുചെയ്യാനായി മൂന്നടി സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടു. മഹാബലി അതിന് സമ്മതിച്ചു. ആ സമയം വാമനൻ വലുതാവുകയും ഒന്നാമത്തെ ചുവട് ഭൂമിയിലും അടുത്തത് പാതാളത്തിലും വെച്ചു. മൂന്നാമത്തെ ചുവട് എവിടെ വയ്ക്കുമെന്ന് വാമനൻ ചോദിച്ചപ്പോൾ തന്റെ തലയിൽ വെച്ചുകൊള്ളൂ എന്ന് പറയുകയും അങ്ങനെ വാമനൻ മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തുകയും ചെയ്തു എന്നാണ് കഥ. എന്നാൽ വർഷത്തിലൊരിക്കൽ മഹാബലിക്ക് തന്റെ പ്രജകളെ കാണാനുള്ള അവസരം നൽകി. ഇതാണ് ഓണത്തിന്റെ ഐതിഹ്യം.

ഓണാഘോഷങ്ങളിൽ ഐശ്വര്യത്തിന്റെ പ്രതീകമാണ് പൂക്കളം. അത്തം മുതൽ തിരുവോണം വരെ നാം പൂക്കളമൊരുക്കുന്നു. ഇതു പോലെതന്നെ ഓണത്തല്ല്, ഓണത്തുമ്പി, ഓണവില്ല്, ഓണത്തപ്പൻ തുടങ്ങിയവയും ഓണാഘോഷത്തിന്റെ ഭാഗമാണ്. ഓണം ആഘോഷിക്കാത്ത വീടുകൾ കേരളത്തിൽ ചുരുക്കമാണ്.



പാർത്ഥിവ് എം., ക്ലാസ് -7
മക്രേരി ശങ്കരവിലാസം യു.പി. സ്കൂൾ
കണ്ണൂർ



# Oriental Magpie Robin

# മണ്ണാത്തിപ്പുള്ള്

**കേ**രളത്തിലെങ്ങും സാധാരണമായി കാണപ്പെടുന്ന ഒരു പക്ഷിയാണ് മണ്ണാത്തിപ്പുള്ള്. ഓറിയന്റൽ മാഗ്പി റോബിൻ എന്നാണ് ഇംഗ്ലീഷ് പേര്. മസികപിഡെ കുടുംബത്തിലുള്ള ഈ പക്ഷിയുടെ ശരീരത്തിന്റെ പുറംഭാഗം അധികവും തിളങ്ങുന്ന കറുപ്പുനിറമാണ്. ചിറകിൽ നീളമുള്ള ഒരു വെള്ളവരയുണ്ട്. ശരീരത്തിനടിയിലെ നിറവും വെള്ളതന്നെ. ഇടയ്ക്കിടെ വാൽ വേഗത്തിൽ ചലിപ്പിക്കുന്ന സ്വഭാവം ഇവയ്ക്കുണ്ട്. പ്രധാന ഭക്ഷണം ചെറിയ ഇഴജന്തുക്കളും പ്രാണികളുമാണ്. നിലത്തിറങ്ങുമ്പോഴും മറ്റും രണ്ടുകാലുകളും ഒരുമിച്ച് നീക്കി ചാടിച്ചാടിയാണ് സഞ്ചരിക്കുക. വ്യത്യസ്ത ശബ്ദങ്ങളുണ്ടാക്കുന്ന ഈ പക്ഷികൾ മറ്റ് പക്ഷികളെ അനുകരിക്കാനും ഒട്ടും മോശക്കാരല്ല.

ജോർജ് കുര്യാക്കോസ് ബേസിൽ
ക്ലാസ് -10, വിദ്യോദയ സ്കൂൾ, തേവക്കൽ
എറണാകുളം

ഈ ഫോട്ടോ കാണാം

# ഓണം വന്നല്ലോ...



# പൂക്കളമിട്ടല്ലോ....

അടുത്തവീടുകളിലെ ഒണപ്പൂക്കളങ്ങൾ കാണാൻ കുട്ടികൾ തലങ്ങും വിലങ്ങും നടന്ന കാലമുണ്ടായിരുന്നു. എന്നാലും ആറേഴ് പൂക്കളങ്ങളേ കാണാൻ കഴിയൂ... ഇന്നിപ്പോൾ വാട്സാപ്പിലും ഫെയ്സ്ബുക്കിലുമൊക്കെയായി നൂറുകണക്കിന് പൂക്കളങ്ങളാണ് നമ്മളെ തേടിവരുന്നത്. അതിലൊക്കെ നമ്മുടെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സന്തോഷവുമുണ്ടാവും.


ശരത് ലാൽ, ക്ലാസ് -9
ഗവ. ഹയർ സെക്കൻഡറി സ്കൂൾ
ഇരിക്കൂർ, കണ്ണൂർ

# വിളവെടുപ്പുത്സവം

മണ്ണിനോട് ചേർന്നുനിന്ന് പ്രയത്നിച്ചതിന്റെ സമൃദ്ധിയാണ് ഓണക്കാലത്തെ കൂടുതൽ സുന്ദരമാക്കുന്നത്. കൊത്തും കിളയും പുതയിടലുമായി, വെയിലും മഴയും മഞ്ഞും അനുകൂലമാക്കി കൃഷികർമങ്ങൾ പൂർത്തിയാക്കിയുള്ള കാത്തിരിപ്പ്... ഒരാണ്ട് മുഴുവൻ കണ്ടുതീർത്ത സ്വപ്നങ്ങളുടെ വിളവെടുപ്പാണ് മലയാളികൾക്ക് ഓണം.

അത്തം പത്തിന് പൊന്നോണമെങ്കിലും മാസങ്ങൾക്കുമുൻപേ കർഷകർ ഓണത്തിനെത്രനാൾ എന്ന് എണ്ണിത്തുടങ്ങും. മണ്ണിന്റെ നനവിൽ വിത്ത് മുളയ്ക്കുന്നതോടെ മനസ്സിലും നന്മകൾ മുളച്ചുപൊന്തും. സർവം സഹിച്ച് മണ്ണിൽ ഉഴുതുമറിച്ച നന്മയുടെ കൈകൾക്കായി പ്രകൃതി കാത്തുവയ്ക്കുന്നത് സമൃദ്ധിയുടെ നെല്ലറ നിറയുന്ന ചിങ്ങപ്പൂക്കാലമാണ്. ഓണമെത്തുന്നതിനായുള്ള കാത്തിരിപ്പിൽ പറഞ്ഞുതീർക്കുന്ന, മണ്ണ് പൊന്നാക്കിയ കഥകളാണ് വീണ്ടും കൃഷിചെയ്യാൻ ആവേശമാവുന്നത്. കന്നുകാലികളെയും മണ്ണിരയെയും പുൽച്ചാടിയെയുമെല്ലാം ഇണക്കിയും ആശ്രയിച്ചും മണ്ണിൽ പണിയെടുത്ത കർഷകർക്കൊരിക്കലും കാണം വിറ്റ് ഓണം ഉണ്ണേണ്ടിവരില്ല. അവർക്ക് ഓണമെന്നാൽ സമൃദ്ധിയുടെ വിളവെടുപ്പുത്സവം തന്നെയാണ്.





ആതിര രാജേന്ദ്രൻ, അധ്യാപിക
എസ്.എൻ.യു.പി.എസ്.
പോത്തിൻകണ്ടം, ഇടുക്കി



# പാട്ടിലോണം

ഓണത്തെ വരികളിലൂടെ അണിയിച്ചൊരുക്കിയ ഒരു പാട്ടാണ് ജേക്കബിന്റെ സ്വർഗരാജ്യം" എന്ന സിനിമയിലെ തിരുവാവണിരാവ്. ഓണക്കാഴ്ചകൾ  അതിന്റെ പൂർണതയിൽ വർണിക്കുന്ന വരികൾ... അകവും പുറവും നിലാവ് നിറയുന്ന ആവണിരാവ്, ഓരോ ചുണ്ടിലും ഓണപാട്ടിന്റെ ശീലുകൾ, പൂപൊലി, ഓണപ്പൂക്കൾ ഇറുക്കാൻ പൂക്കൂടയുമായി മഞ്ഞിനൊപ്പം വീശുന്ന പുന്നാരക്കാറ്റ്, ഓണസദ്യയുടെ രുചിക്കൂട്ട്, നിറഞ്ഞ വയറിന്റെ സന്തോഷം, ഓണക്കോടിയുടെ പുതുമണം, ഊഞ്ഞാലാട്ടത്തിന്റെ നൈർമല്യം...

ഈ വരികളിൽ ഇനി എന്തുണ്ട് കൂട്ടിച്ചേർക്കാൻ? ഓണത്തിന്റെ വാങ്മയചിത്രം. തിരുമുൽക്കാഴ്ച കാണാൻ അണിഞ്ഞൊരുങ്ങിയ തിരുമുറ്റംപോലെ, പൊന്നോണത്തിന് കാഹളമൂതുന്ന പൂവിളിപോലെ, തുമ്പികളെ ചെമ്പകപ്പൂക്കൾ നുള്ളാൻ വിളിക്കുന്നതുപോലെ, മനസ്സിനെ ആർദ്രമാക്കുന്ന വരികളും സംഗീതവും... ഈ പാട്ട് നമുക്കൊരു ഓണാനുഭവമാകുന്നു.

ഗാനരചന: മനു മഞ്ജിത്   സംഗീതം: ഷാൻ റഹ്മാൻ
ഗായകർ: ഉണ്ണി മേനോൻ, സിതാര



സി.കെ. ബീന, എച്ച്.എസ്.എ. (ഇംഗ്ലീഷ്)
ഇ.സി.ഇ.കെ. യൂണിയൻ ഹൈസ്കൂൾ
കുത്തിയതോട്, ആലപ്പുഴ

# പുലിയും ഓണപ്പൊട്ടനും

**പ്രകൃതിയുമായി ഇണങ്ങിനിൽക്കുന്ന കളികളാണ് ഓണക്കാലത്തുള്ളത്. ആചാരങ്ങളും അങ്ങനെതന്നെ. പുലികളിയെയും ഓണപ്പൊട്ടനെയും പരിചയപ്പെടാം...**

## പുലികളി

ഓണക്കളികളിൽ ആളുകളെ കൂടുതൽ ആകർഷിക്കുന്ന ഒന്നാണ് പുലികളി. നാലാം ഓണനാളിലാണ് പുലികളി നടക്കാറുള്ളത്. തൃശ്ശൂരിലെ പുലികളിയാണ് പ്രശസ്തമെങ്കിലും കൊല്ലത്തും തിരുവനന്തപുരത്തും പുലികളി അരങ്ങേറാറുണ്ട്. പുലിയുടെ വേഷവും ചായവും പുരട്ടി നിശ്ചിത താളമില്ലാതെ നൃത്തം ചവിട്ടുകയും കോമാളിക്കളികൾ കാട്ടുകയും ചെയ്യുന്നതാണ് ഈ വിനോദം.



## ഓണപ്പൊട്ടൻ

ആചാരമായി കണക്കാക്കുന്ന ഒരു കലാരൂപമാണ് ഓണപ്പൊട്ടൻ അഥവാ ഓണത്താർ. പ്രജകളെ കാണാനും അവരുടെ ക്ഷേമം അന്വേഷിക്കാനും മഹാബലി ഓണപ്പൊട്ടന്റെ വേഷത്തിൽ വരുന്നുവെന്നാണ് ഐതിഹ്യം. ഓണത്തിന് വീട്ടിലെത്തുന്ന ഓണപ്പൊട്ടൻ മണി കിലുക്കിയാണ് തന്റെ വരവ് അറിയിക്കുക. ഓണപ്പൊട്ടൻ ചെറിയ ചുവടുകൾ വെച്ച് നൃത്തംചെയ്യും. വീടുകളിൽനിന്ന് ഓണക്കോടിയും ഭക്ഷണവും സ്വീകരിക്കും.

മീനാംബിക എസ്.ആർ., ക്ലാസ് - 12
കാർമൽ G.H.S.S.,തിരുവനന്തപുരം

തെറ്റ് ശരി



# കാണം വിറ്റും ഓണം ഉണ്ണണം

ഏതൊരു മലയാളിയും നെഞ്ചിലേറ്റുന്ന വലിയ ആഘോഷമാണ് ഓണം. ഓണവുമായി ബന്ധപ്പെട്ട ഓണക്കോടി, ഓണസദ്യ തുടങ്ങിയവയ്ക്ക് കുടുംബനാഥന് നല്ലൊരു ചെലവ് വരും. ഓണാഘോഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു ചൊല്ലാണ് കാണം വിറ്റും ഓണം ഉണ്ണണം എന്നത്. ദരിദ്രരായാലും ഓണത്തിന് സദ്യയുണ്ണണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. എന്നാൽ പട്ടിണിമൂലം വളരെ ബുദ്ധിമുട്ടുള്ളവർക്ക് ഓണം വരുമ്പോൾ നെഞ്ചിൽ ആധിയാണ്. കാണം എന്നാൽ പവൻ, സ്വത്ത്, സ്വർണം എന്നെല്ലാം അർഥമുണ്ട്. കുടിയാന്മാർ ജന്മിക്ക് കൊടുക്കുന്ന പാട്ടത്തുകയ്ക്കും കാണം എന്ന് പറയും. എന്നാൽ കാണം വിൽക്കണം എന്നതല്ല, എല്ലാവരും നന്നായി ഭക്ഷണം കഴിക്കണം എന്ന വിശാലമായ അർഥമാണ് ഈ പഴമൊഴിയിലൂടെ ഉദ്ദേശിക്കുന്നത്.

ചന്ദന കെ., ക്ലാസ് -7
G.H.S.S.കുട്ടമത്ത്
കാസർകോട്

# ജപ്പാനിലെ ഹനാമി

സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ഐക്യത്തിന്റെയും പൂക്കളമൊരുക്കി ആഘോഷിക്കുന്ന ഓണം പൂക്കളുടെ ഉത്സവംകൂടിയാണല്ലോ. പൂക്കളുടെ സമൃദ്ധി ആഘോഷമാക്കുന്ന മറ്റൊരു ഉത്സവമാണ് ജപ്പാനിലെ ഹനാമി എന്ന ചെറി ബ്ലോസം ഫെസ്റ്റിവൽ. വസന്തകാലത്തെ സ്വാഗതംചെയ്തുകൊണ്ട് മാർച്ച്–മേയ് മാസങ്ങളിൽ പൂക്കുന്ന സകുര എന്ന ചെറി പൂക്കളുടെ





ഭംഗി നുകരാൻ ജപ്പാൻകാർ കുടുംബത്തോടൊപ്പം ഒത്തുകൂടുന്നു. 1912–ൽ ടോക്കിയോയിലെ മേയർ യുക്കിയോ ഓസാക്കി വാഷിങ്ടൺ ഡി.സി. നഗരത്തിന് 3000 ചെറി മരങ്ങൾ സമ്മാനിച്ചതിന്റെ ഓർമ്മയ്ക്കായി അമേരിക്കൻ ജനതയും ഈ ആഘോഷത്തിൽ പങ്കുചേരുന്നു. അതിലൂടെ അമേരിക്കയും ജപ്പാനും തമ്മിലുള്ള സൗഹൃദവും ആഘോഷിക്കപ്പെടുന്നു.

റിയന്ന റീത്ത രഞ്ജിത്ത്
മൗണ്ട് കാർമൽ എച്ച്.എസ്.
കോട്ടയം



# തുമ്പപ്പൂ

അത്തപ്പൂക്കളത്തിന് അലങ്കാരമായും ഓണത്തപ്പന് പ്രിയങ്കരമായ പൂവടയായും ഓണവിശേഷങ്ങളിൽ തുമ്പപ്പൂ നിറഞ്ഞു നിൽക്കുന്നു. ഓണമാവുന്നതോടെ സമൃദ്ധമാവുന്ന തുമ്പപ്പൂ പറിച്ച് പൂക്കളമൊരുക്കാൻ പൂവേ പൊലി... പാടി കുട്ടികളെത്തുന്നു. തുമ്പപ്പൂവില്ലാതെ ഓണപ്പൂക്കളം പാടില്ല എന്നാണ് ആചാരം. തുമ്പ വളരെയധികം ഔഷധഗുണങ്ങളുള്ള ചെടിയാണ്. നല്ല വെളുത്ത നിറമുള്ള തുമ്പപ്പൂക്കൾ പരിശുദ്ധിയുടെയും വിനയത്തിന്റെയും പ്രതീകമായി കണക്കാക്കപ്പെടുന്നു.

അയന പി.എസ്., ക്ലാസ് -3
എം.എച്ച്. ഇംഗ്ലീഷ് സ്കൂൾ
പൊന്നാനി, മലപ്പുറം

വർണച്ചിറക്
കവിത

# പുഞ്ചിരിപ്പൂക്കളം

ഓണനിലാവ് പരന്നപ്പോൾ
മുത്തശ്ശി ചൊല്ലീ എന്നോട്
ഓണത്തപ്പൻ വരുമല്ലോ
പൂക്കളിറുക്കണം പുലരുമ്പോൾ

പുലരി വിരിഞ്ഞൊരു നേരത്ത്
പൂക്കളിറുക്കാൻ പോയപ്പോൾ
പൂമണമേലും പൂമ്പാറ്റ
ചൊല്ലീ എന്നുടെ കാതിൽ മെല്ലെ

പൂന്തേൻ നൽകും പൂക്കൾക്കെല്ലാം
എന്തിന് നോവുകൾ നൽകുന്നു
ഞെട്ടിവലിച്ചു കുഞ്ഞിക്കൈ
തിരിച്ചുവെച്ചു പാദങ്ങൾ

ഒഴിഞ്ഞ കൂടകൾ കമിഴ്ത്തിവെച്ച്
പുഞ്ചിരി തൂകി വിരിച്ചല്ലോ
പലവർണത്തിൻ അഴകുകൾ നിറയും
പുതുമയേറും പൂക്കളം!



മിൻഹ ഫാത്തിമ
ക്ലാസ് -4
ജി.എൽ.പി.എസ്. പൂമല, വയനാട്

വർണച്ചിറക്
കഥ

# ഓണം വന്നു

തിരുവോണമാണ്, വീടിന്റെ ഉമ്മറത്ത് ഞാൻ വെറുതേ ഇരുന്നു. ഉമ്മറമല്ല സിറ്റ്ഔട്ട് ആണ് ഇപ്പോഴത്തെ ശരിയായ വാക്ക്. ഓണസദ്യ പാഴ്സലായി കൊണ്ടുവരാൻ കാറ്ററിങ്ങുകാർ ഇപ്പോഴെത്തും. അതിനാണ് ഈ കാത്തിരിപ്പ്.

പാട്ടുപാടി പൂനുള്ളി കൂട്ടുകാരോടൊപ്പം പാടത്തും തൊടിയിലും ഓടിനടന്നിരുന്ന ഒരു കുട്ടിക്കാലത്തെപ്പറ്റി അമ്മ പറഞ്ഞതൊക്കെ ഞാൻ വെറുതേ ഓർത്തു. അത് പറയുമ്പോൾ അമ്മയുടെ മുഖത്തെ സന്തോഷവും.

എനിക്ക് അമ്മ പറഞ്ഞ മധുരമായ ഓണക്കാഴ്ചകളൊന്നും കാണാൻകഴിഞ്ഞിട്ടില്ല. ഓടിനടന്ന് ചേമ്പിലയിൽ പൂപറിക്കുന്ന കുട്ടിയല്ല ഞാൻ. പകരം കാറിൽ പോയി വഴിയോര കച്ചവടക്കാരിൽനിന്ന് പ്ലാസ്റ്റിക് സഞ്ചിയിൽ പൂക്കൾ കാശ് കൊടുത്ത് വാങ്ങിക്കുന്ന കുട്ടിയാണ്. ഐശ്വര്യവും സമൃദ്ധിയും നിറഞ്ഞ കാലവും ചതിയും കള്ളവും ഇല്ലാതെ ജീവിതവും... അമ്മ പറഞ്ഞ വാക്കുകൾ അമൃതുപോലെ ഓർമയിലുണ്ട്.



കഥയിലെ മഹാബലി, വിലക്കുറവെന്നപേരിൽ കച്ചവടം പൊടിപൊടിക്കുന്ന കടയുടെ മുൻപിൽ കോമാളിയെപ്പോലെ നിൽക്കുന്നതാണ് ഞാൻ കാണുന്നത്. പെട്ടെന്ന് വണ്ടിയുടെ ഹോണടിശബ്ദം കേട്ടു. കാറ്ററിങ്ങുകാരായിരിക്കും. ഞാൻ വിളിച്ചുപറഞ്ഞു: "അമ്മേ, ഓണം വന്നു...""

കൃഷ്ണഗാഥ കെ.ആർ., ക്ലാസ് 6
ചിന്മയ വിദ്യാലയ, വടുതല
എറണാകുളം

ഓർമ്മപ്പെടുത്തലാണ് ഓണം
മണ്ണിൽ അധ്വാനിച്ച്
ആരോഗ്യത്തോടെയും
സന്തോഷത്തോടെയും
കഴിഞ്ഞിരുന്ന
പ്രകൃതിസൗഹൃദ ജീവിതത്തിന്റെ
ഓർമ്മപ്പെടുത്തൽ



ആകാശപ്പച്ചയിലേക്കുള്ള
രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച

Published by Mathrubhumi Seed